# മുന്നറിയിപ്പുകൾ അവഗണിച്ച ഹാരി!

സെയിന്റ് ഹെലൻസ് പർവ്വതത്തിൽനിന്നും പ്രവഹിച്ചുതുടങ്ങിയ പുകയും നീരാവിയും വാഷിംഗടണിലെ നീലാകശത്തിൽ ചാരനിറം ചാർത്തി. പാദങ്ങൾക്കു കീഴെ വിറകൊള്ളുന്ന ഭൂമി ഭൂഗർഭശാസ്ത്രജ്ഞരിൽ ഭീതിപരത്തി. ശാസ്ത്രീയ തെളിവുകളും ദൃശ്യമായ ലക്ഷണങ്ങളുമെല്ലാം ആ അഗ്നിപർവ്വതം അധികം താമസിക്കാതെ പൊട്ടിത്തെറിക്കുമെന്ന് മുന്നറിയിപ്പു നൽകി. പർവ്വതത്തിന്റെ സമീപവാസികൾക്ക് അപകടസൂചന നൽകിക്കൊണ്ട് പോലീസ് വാഹനങ്ങളും ഹെലികോപ്ടറുകളും നെടുകയും കുറുകെയും പായുന്നു. റേഡിയോയും ടെലിവിഷനുമെല്ലാം മുന്നറിയിപ്പ് ആവർത്തിച്ചുകൊണ്ടിരുന്നു.

അധികൃതരിൽനിന്നുള്ള മുന്നറിയിപ്പ് ശ്രദ്ധിച്ചവർ ഉടൻതന്നെ അപകടമേഖലയിൽനിന്നും സുരക്ഷിതസ്ഥാനങ്ങളിലേക്ക് പാലായനം ആരംഭിച്ചു. അവസാനം ആ ടൂറിസ്റ്റ് മേഖല തികെച്ചും വിജനമായി. പക്ഷേ, ഹാരി ട്രൂമാൻ മാത്രം ആ മുന്നറിയിപ്പ് വകവെച്ചില്ല. ഹാരി ആ പർവ്വതത്തിന് അഞ്ചുമൈലുകൾ അകലെ – സ്പിരിറ്റ് ലേക്കിൽ – ഒരു ലോഡ്ജിന്റെ നടത്തിപ്പുകാരനാണ്. പോലീസ് അദ്ദേഹത്തിന് മുന്നറിയിപ്പു നൽകി. ഒഴിഞ്ഞുപോയ അയൽക്കാർ തങ്ങളോടൊപ്പം രക്ഷപെടുവാൻ അദ്ദേഹത്തോട് കെഞ്ചി. ദൂരെയുള്ള സഹോദരി, ബുദ്ധിമോശം കാണിക്കാതെ വേഗം രക്ഷപെടുവാൻ ഹാരിയോട് ഫോണിൽ അപേക്ഷിച്ചു. പക്ഷേ അതൊന്നും മർക്കടമുഷ്ടിക്കാരനായ ആ വൃദ്ധൻ കൂട്ടാക്കിയില്ല.

ഹാരിയുടെ കടുംപിടുത്തത്തെക്കുറിച്ചറിഞ്ഞ നാഷണൽ ടെലിവിഷൻ അയാളെ ഇന്റർവ്യുചെയ്തപ്പോൾ ഹാരി തന്റെ ആത്മവിശ്വാസം വിളിച്ചുപറഞ്ഞു: "ഈ പർവ്വതത്തെ ഹാരി അറിയുന്നതുപോലെ മറ്റാരും അറിഞ്ഞിട്ടില്ല. ഒരിക്കലും ഇത് ഹാരിയുടെമേൽ പൊട്ടിത്തെറിക്കില്ല."

1980 മെയ് 18 ഹാരി ട്രൂമാൻ പ്രഭാതഭക്ഷണമെല്ലാം കഴിഞ്ഞശേഷം, തലേദിവസം വെട്ടിനിർത്തിയ പുൽത്തകിടിയുടെ അരികുകളിൽ പിട്ടൂണിയ ചെടികൾ വെച്ചുപിടിപ്പിക്കുകയായിരുന്നു. പക്ഷേ, കൃത്യം 8:31–ന് സെയിന്റ് ഹെലൻസ് പർവ്വതം പൊട്ടിത്തെറിച്ചു. ഭൂഗർഭശാസ്ത്രജ്ഞരുടെ കണക്കനുസരിച്ച് ഹിറോഷിമയിൽ ആറ്റംബോംബ് പൊട്ടിയതിന്റെ അഞ്ഞൂറിരട്ടി ശക്തിയിലാണത്രേ സെയിന്റ് ഹെലൻസ് പൊട്ടിത്തകർന്നത്. എന്തായാലും, ദശലക്ഷക്കണക്കിന് ടൺ പൊടിപടലങ്ങൾ പത്തുമൈൽ ചുറ്റളവിലുള്ള ആകാശമണ്ഡലം മേഘാവൃതമാക്കി. ശബ്ദാതീതവേഗത്തിൽ ഒഴുകിയ ചുട്ടുപഴുത്ത ലാവ ഹാരിയെ കടന്ന് നൂറ്റമ്പത് മൈലുകൾ ചെന്നെത്തി. രക്ഷപെടുവാനുള്ള മാർഗ്ഗം നിഷേധിച്ച ഹാരിക്ക് ഒന്നു കരയുവാൻപോലും കഴിയുന്നതിനുമുമ്പ് താൻ തന്നേക്കാൾ സ്നേഹിച്ച ലോഡ്ജും ഭംഗിയുള്ള പുൽത്തകിടിയുമെല്ലാം അൻപതടി ലാവയുടെ അടിയിൽ തന്നോടൊപ്പം ഭസ്മമായി!

മുന്നറിയിപ്പ് അവഗണിച്ച ഹാരി ട്രൂമാൻ ഇപ്പോള് വാഷിംഗടൺ നിവാസികൾക്ക് ഭയത്തോടെ ഓർമ്മിക്കുവാനുള്ള ഒരു ഇതിഹാസം മാത്രമായി. ദൈവികമുന്നറിയിപ്പുകളെ അവഗണിക്കുന്ന ആർക്കും ഹാരി ഒരു ഗുണപാഠമാകട്ടെ. ഇപ്പോൾ നാം ദൈവശബ്ദത്തിനു ചെവികൊടുക്കാൻ തയ്യാറല്ലെങ്കിൽ പിന്നീട് തീർച്ചയായും തയ്യാറാകേണ്ടിവരും പക്ഷേ സമയം അതിക്രമിച്ചിരിക്കും! "ഇതിങ്കൽ ആശ്ചര്യപ്പെടരുത്; കല്ലറകളിൽ ഉള്ളവർ എല്ലാവരും അവന്റെ ശബ്ദം കേട്ടു, നന്മ ചെയ്തവർ ജീവനായും, തിന്മ ചെയ്തവർ ന്യായവിധിക്കായും, പുനരുത്ഥാനം ചെയ്യുവാനുള്ള നാഴിക വരുന്നു." (യോഹ. 5:28–29) അതുകൊണ്ടു പരിശുദ്ധാത്മാവ് അരുളിച്ചെയ്യുന്നതുപോലെ: ഇന്ന് "നിങ്ങൾ അവന്റെ ശബ്ദം കേൾക്കുന്നുവെങ്കിൽ മരുഭൂമിയിൽവച്ചു പരീക്ഷാദിവസത്തിലെ മത്സരത്തിൽ എന്ന പോലെ നിങ്ങളുടെ ഹൃദയം കഠിനമാക്കരുത്.(എബ്രാ. 3:7–8.)